# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3564 — 17/12/2015-ൽ മറുപടിക്ക്

## വയനാട് ജില്ലാ എൽ.ഡി.ടൈപ്പിസ്റ്റ് ലിസ്റ്റ്

**ചോദ്യം**
ശ്രീമതി.കെ.കെ.ലതിക

**ഉത്തരം**
ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | വയനാട് ജില്ലാ എൽ.ഡി. ടൈപ്പിസ്റ്റ് ലിസ്റ്റിൽ നിന്നും നിയമനം ഏതുവരെയായി എന്ന് അറിയിക്കുമോ ; | (എ) | വയനാട് ജില്ലയിലെ എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും 26.11.2015 വരെ 73 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. |
| (ബി) | വയനാട് ജില്ലാ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ വകുപ്പ് മേലധികാരികൾക്ക് സർക്കാർ കത്ത് നൽകുകയുണ്ടായോ, എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | സർക്കാർ വകുപ്പുകളിൽ വിവിധ തസ്തികകളിൽ 2016 കലണ്ടർ വർഷം ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും വകുപ്പ മേധാവികൾക്കും സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വയനാട് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ വകുപ്പ് മേധാവികൾക്ക് പ്രത്യേകമായി സർക്കാർ കത്ത് നൽകിയിട്ടില്ല. |
| (സി) | എല്ലാ വകുപ്പുകളും യഥാസമയം ഒഴിവുകൾ റിപ്പോർട്ട്ചെയ്യുകയുണ്ടായോ; ഇല്ലെങ്കിൽ ഏതൊക്കെ വകുപ്പുകളാണ് വീഴ്ച വരുത്തിയതെന്നും വീഴ്ച വരുത്തിയ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും അറിയിക്കുമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | 2016 മാർച്ച് 30 ആകുമ്പോഴേക്കും എത്ര പ്രതീക്ഷിത ഒഴിവുകളിൽ നിയമനം നടത്താൻ സാധിക്കും എന്ന് വിശദമാക്കാമോ ? | (ഡി) | 1.3.2016-ന് നിലവിൽ വരുന്ന ഒരു ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. യഥാർത്ഥ ഒഴിവ് വരുമ്പോൾ പ്രസ്തുത ഒഴിവിൽ നിയമന ശിപാർശ നൽകുന്നതാണ്. പ്രതീക്ഷിത ഒഴിവുകളിൽ നിയമനം നടത്താറില്ല. ഒഴിവുകൾ നിലവിൽ വരുമ്പോൾ പി.എസ്.സി.നിയമന ശിപാർശ നൽകി ബന്ധപ്പെട്ട വകുപ്പുകൾ ടി ഒഴിവുകളിൽ നിയമനം നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ